LIBRARY ARCHIVES Kerala Legislative Assembly

പുതിയ മാവേലി സ്റ്റോറുകൾ

191(1258) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചാലിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിൽ മാവേലി സ്റ്റോർ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ആജീവനാന്ത വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയും ലഭ്യമാക്കാമെന്നുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഇതുവരെയും സപ്ലൈകോയെ രേഖാമൂലം അറിയിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ റേഷൻ കാർഡുകളുടെ വിതരണം

192(1259) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എല്ലാ ജില്ലകളിലും ഒരേ കാലയളവിൽ തന്നെ പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?